കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബി.പി.2)1724/2017

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ: 680 020
E.mail- dotsr.ksad@kerala.gov.in
ഫോൺ- 0487 2331249
തീയതി: 01.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : - വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിന്റെ 2-1, 2-2, 3-7 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2)1724/2017 തിയ്യതി:01.12.2017

## തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ

## 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 22.02.2017 മുതൽ 31.03.17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തികവർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഇ.ആർ.ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2017 മുതൽ 21.11.2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ.എം.ജി (15.11.2017) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോമോൻ.ഇ.കെ (17.11.17 to 21.11.17) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.ജയൻ.വി.എസ് (16.11.17 to 21.11.17) | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഷാജി നക്കര | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.എം.ആർ തമ്പി (I/C) | 01.04.16 മുതൽ 29.05.16 വരെ |
| ശ്രീ.ജോസ്പ്രകാശ്.എ.വി | 30.05.16 മുതൽ 18.06.16 വരെ |
| ശ്രീ.എം.ആർ തമ്പി (I/C) | 19.06.16 മുതൽ 22.06.16 വരെ |
| ശ്രീ.പി.വി.സുരേഷ്ബാബു | 23.06.16 മുതൽ 04.11.16 വരെ |
| ശ്രീ.എം.ആർ തമ്പി (I/C) | 05.11.16 മുതൽ 23.11.16 വരെ |
| ശ്രീ.പി.വി.സുരേഷ്ബാബു | 24.11.16 മുതൽ 03.12.16 വരെ |
| ശ്രീ.എം.ആർ തമ്പി (I/C) | 04.12.16 മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീ.ഡി.ബിജു | 01.04.2016 മുതൽ 31.03.2017വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.രജനി.എ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളാങ്ങല്ലൂർ | ഡോ.ടി.വി.ബിനു | 01.04.2016 മുതൽ 31.03.2017വരെ |
| സി.ഡി.പി.ഒ | ശ്രീമതി.കെ.കെ.അംബിക | 01.04.2016 മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി.റീന.വി.ജെ | 01.04.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | രശീതികളുടെ ഉപയോഗത്തിൽ കുറ്റകരമായ അനാസ്ഥ. | 2-1 |
| 12 | വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 2-2 |
| 13 | ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-3 |
| 14 | ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കേണ്ടതാണ്. | 2-4 |
| | ഭാഗം 3 | |
| 15 | മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 3-1 |
| 16 | കരാറിലേർപ്പെടാതെ വേസ്റ്റ് നീക്കം ചെയ്യൽ പദ്ധതിയ്ക്കായി പണം നൽകി | 3-2 |
| 17 | ക്വട്ടേഷൻ ക്ഷണിക്കാതെ പദ്ധതിയിലുൾപ്പെടാത്ത പ്രവൃത്തികൾ നടത്തി. | 3-3 |
| 18 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ | 3-4 |
| 19 | എസ്. സി.ഡി.ഒ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ | 3-5 |
| 20 | സി.ഡി.പി.ഒ.യുടെ പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-6 |
| 21 | ഐ.എ.വൈ ഭവന നിർമ്മാണം ത്വരിതപ്പെടുത്തണം | 3-7 |

| | | |
|---|---|---|
| 22 | ഐ.എ.വൈ ഭവന നിർമ്മാണം - സ്പിൽ ഓവർ പഞ്ചായത്ത് സ്വീകരിച്ച നടപടി പ്രശംസനീയം. | 3-8 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയതുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 27 | ഓഡിറ്റ് റിക്കവറി | 4-5 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-6 |
| 29 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-7 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|
| 1/29.02.2016 | 480179274 | 479998973 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 01.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ടെന്റർ ഫോം വിൽപ്പന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക രജിസ്റ്റർ കൃത്യമല്ല. ആയതിനാൽ ഇത് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,46,38,628.00 |
| വരവ് | 6,28,69,462.00 |
| ആകെ | 8,75,08,090.00 |
| ചെലവ് | 6,79,01,353.00 |
| നീക്കിബാക്കി | 1,96,06,737.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് | ചെലവ് തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17088825 | 15812195 | 1276630 | 92.53 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10715712 | 10149169 | 966543 | 94.71 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 54926 | 52665 | 2261 | 95.88 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3813341 | 2603205 | 1210136 | 68.27 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ (തുക) | പദ്ധതി ചെലവ് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 59 | 43264731 | 28817234 | 52 | 6 | 1 | 88.14 |

## 1-7 തനത് വരുമാനം

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 42772 | 93099 | 50327 | (+)117.6 |
| ആകെ | 42772 | 93099 | 50327 | (+)117.6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2017, 3.30 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. അന്നേ ദിവസം പണം വരവ് ഇല്ലായെന്നുള്ളത് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് കാണുന്നില്ല. രശീതി സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോം വിൽപ്പന രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 02.02.17 മുതൽ 15.02.17 വരെ | 2015-16 | 05.04.2017 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 20.01.14 മുതൽ 25.01.14 വരെ | 2009-10 മുതൽ 2012-13 വരെ | 17.03.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതികളുടെ ഉപയോഗത്തിൽ കുറ്റകരമായ അനാസ്ഥ.

രശീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) മാനുവൽ രശീതി ബുക്കുകളിൽ ബുക്ക് നമ്പർ പ്രിന്റ് ചെയ്തു കാണുന്നില്ല. VI, VII, VIII എന്നീ നമ്പർ എഴുതിയ രശീതി ബുക്കുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബുക്ക് നമ്പർ VI രശീതി നം. 16 വരെ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉപയോഗിച്ചതായിരുന്നു. ടി. ബുക്കിലെ രശീതി നം. 17 മുതൽ 30 വരെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപയോഗിച്ചതായി കാണുന്നു. ബുക്ക് നം. VII രശീതി നം. 52, 53 എന്നിവ ടെണ്ടർ ഫോം വില്പനയ്ക്കായി 05.04.17 തീയതിയിൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഉപയോഗിച്ചിട്ടുണ്ട്. ബുക്ക് നമ്പർ VIII രശീതി നം. 1, 2 എന്നിവയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉപയോഗിച്ചതായാണ് കാണുന്നത്. ഒരേ സമയം പല രശീത് ബുക്കുകൾ ഉപയോഗിച്ചത് സംബന്ധിച്ചും ഒരു രശീത് ബുക്ക് ഒന്നിലധികം നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിച്ചത് സംബന്ധിച്ചുമുള്ള ഓഡിറ്റ് അന്വേഷണം നം. 9/21.11.17 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2) സാംഖ്യ രശീതി നം. 1131001 മുതൽ 1131111 വരെയുള്ളവ 2016-17 വർഷത്തിൽ ഉപയോഗിച്ച് കാണുന്നു. ഇവയിൽ താഴെ പറയുന്ന രശീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രശീതി നം. 1131010 മുതൽ 1131084 വരെ

രശീതി നം. 1131087 മുതൽ 1131089 വരെ

രശീതി നം. 1131100, 1131102, 1131103, 1131109

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 9/21.11.17 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

3) രശീതി ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സാംഖ്യ, മാനുവൽ രശീതികൾ കൃത്യമായി സ്റ്റോക്കിലെടുക്കേണ്ടതും വിതരണം ചെയ്യുന്ന മുറയ്ക്ക് രജിസ്റ്ററിൽ കുറവ് ചെയ്യേണ്ടതുമാണ്. ബുക്ക് നമ്പർ രേഖപ്പെടുത്താത്ത മാനുവൽ രശീതികൾ ക്യാൻസൽ ചെയ്ത് പുതിയവ ലഭ്യമാക്കേണ്ടതും ഓരോ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വെവ്വേറെ രശീതി ബുക്കുകൾ നൽകേണ്ടതുമാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് അവ തിരികെ വാങ്ങി ബാക്കിയുള്ള രശീതികൾ ക്യാൻസൽ ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. സാംഖ്യ രശീതികളിൽ ഇടവിട്ട നമ്പറുകൾ വിട്ടുപോയത് ഗുരുതരമായ വീഴ്ചയാണ് സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-2 വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

പരിശോധനയ്ക്ക് ഹാജരാക്കിയ വാടക രജിസ്റ്ററിൽ കരാർ കാലാവധി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ മാസത്തെയും വാടക അടവാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാടകയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ കുടിശ്ശികയുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വാടക കരാർ, ബൈലോ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക വർദ്ധനവ് വരുത്തുന്നതിനെ സംബന്ധിച്ച വ്യവസ്ഥകളുടെ വിവരങ്ങൾ ലഭ്യമല്ല. കടമുറികൾ, പുതുതായി പണിത ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കേണ്ടതാണ്. വാടകക്കാരുമായി കരാറിലേർപ്പെടേണ്ടതും കാലാനുസൃതമായി വാടക വർദ്ധനവ് വരുത്തേണ്ടതുമാണ്.

## 2-3 ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ടെണ്ടർ ഫോം കളക്ഷൻ രജിസ്റ്റർ, രശീതി സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിന് 2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 2016-17 സാമ്പത്തികവർഷത്തിൽ 82,470/- രൂപ ടെണ്ടർ ഫോം വില്പനയിലൂടെ ലഭിച്ചതായി കാണുന്നു. എന്നാൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമായില്ല. തുടർച്ചയായ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ ഉദാസീന നിലപാട് സ്വീകരിക്കുന്നത് ഉചിതമായ നടപടിയല്ല. ഇത് സംബന്ധിച്ച സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീ ഇനത്തിൽ 77,020/- രൂപാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് പോയിട്ടുണ്ട്. ആയത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളാങ്ങല്ലൂർ നടപ്പാക്കിയ പദ്ധതികളിൽ മരുന്ന് ലഭ്യമായിട്ടില്ല.

1) പ്രൊജക്ട് നം. SOO66/16-17, തുക – 40,000/-
ട്രഷറി ബിൽ നം. 03/16-17, തീയതി 30.01.2017

വെള്ളാങ്ങല്ലൂർ പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി 40,000/- രൂപ കാരുണ്യ ഫാർമസിക്ക് 30.01.17 ന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പ്രൊജക്ട് നം. SOO65/16-17, തുക – 60,000/-
ട്രഷറി ബിൽ നം. 01/16-17, തീയതി 30.12.2016

പുത്തൻചിറ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 60,000/- രൂപ കാരുണ്യ ഫാർമസിക്ക് ഡി.ഡി നം. 699390 തീ. 04.01.17 പ്രകാരം നൽകിയിട്ടുണ്ട്. നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 കരാറിലേർപ്പെടാതെ വേസ്റ്റ് നീക്കം ചെയ്യൽ പദ്ധതിയ്ക്കായി പണം നൽകി

പ്രൊജക്ട് നം.SOO49/16-17, തുക 1,00,000/-
ട്രഷറി ബിൽ നം. 05/16-17, തീയതി 30.03.2017.
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെള്ളാങ്ങല്ലൂർ.

സി.എച്ച്.സി, പി.എച്ച്.സി.എന്നീ സ്ഥാപനങ്ങളിലെ ബയോ മെഡിക്കൽ വേസ്റ്റ് നീക്കം ചെയ്യുന്ന പദ്ധതിയ്ക്കായി ഇമേജ് എന്ന സ്ഥാപനത്തിന് 1,00,000/- രൂപ നൽകിയിട്ടുണ്ട്. 35,305/- രൂപ പ്രവർത്തന ചെലവും 64,697/- രൂപ സാമഗ്രികളുടെ വിലയുമായാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് സ്ഥാപനവുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ഇമേജിന്റെ ടേംസ് & കണ്ടീഷൻസ് അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥകളിലെ 33-മത് വ്യവസ്ഥയായി 10 ബെഡിന് മുകളിലുള്ള സ്ഥാപനങ്ങൾ 100/- രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ കരാർ ചമയ്ക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. എന്നാൽ 28 ബെഡുകളുള്ള പുത്തൻചിറ സാമൂഹ്യ ആരോഗ്യ കേന്ദ്രവും ഇമേജ് എന്ന സ്ഥാപനവുമായുള്ള കരാർ തയ്യാറാക്കിയിട്ടില്ല. കരാറിലേർപ്പെടാതെ പദ്ധതിയ്ക്കായി പണം കൈമാറിയത് ശരിയായ നടപടിയല്ല. കേരള മുദ്രപത്ര നിയമ പ്രകാരം നിലവിലെ സ്റ്റാമ്പ് വാല്യു അനുസരിച്ച് 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ക്വട്ടേഷൻ ക്ഷണിക്കാതെ പദ്ധതിയിലുൾപ്പെടാത്ത പ്രവൃത്തികൾ നടത്തി.

പ്രൊജക്ട് നം. SOO50/16-17, ആകെ തുക – 2,55,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ,മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി വെള്ളാങ്ങല്ലൂർ
ട്രഷറി ബിൽ നം. 2/16-17, തീയതി 30.01.17, തുക – 1,09,850/-
ട്രഷറി ബിൽ നം. 4/16-17, തീയതി 25.02.17, തുക – 51,297/-
ട്രഷറി ബിൽ നം. 6/16-17, തീയതി 30.03.17, തുക – 93,853/-

സി.എച്ച്.സി, പുത്തൻചിറയിലേക്ക് ലാബ് അനലൈസർ, കിറ്റ് എന്നിവ വാങ്ങലും എ.സി സ്ഥാപിക്കലും എന്ന പദ്ധതിയിൽ ഉൾപ്പെടാതിരുന്ന സാമഗ്രികൾ ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തിയതായി കാണുന്നു.

a) അപ്പോളോ ഡയഗ്നോസ്റ്റിക്സ് & സർജ്ജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 30,297/- രൂപയ്ക്ക് ലാബിലേയ്ക്കുള്ള റീ ഏജന്റുകളുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| ADS/1885/16-17 | 30.11.16 | 7,739/- |
| ADS/1886/16-17 | 30.11.16 | 8,316/- |
| ADS/0856/16-17 | 18.07.16 | 7,259/- |
| ADS/0842/16-17 | 15.07.16 | 6,983/- |

| | |
|---|---|
| ആകെ | 30,297/- |

പിന്നീട് 15.02.2017 ൽ ലാബിലേക്കുള്ള സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും Chemtura Diagnostics എന്ന സ്ഥാപനത്തിൽ നിന്നും 47,251/- രൂപയുടെ സാമഗ്രികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

b) അലമാര നിർമ്മാണത്തിനായി അലുമിനിയം ഫാബ്രിക്കേഷൻ സാമഗ്രികൾ 'ബോസ്സ് പൗഡർ കോട്ടിംഗ് ' എന്ന സ്ഥാപനത്തിൽ നിന്നും 25,902/- രൂപയ്ക്ക് (ഇൻവോയ്സ് നം. CB 1099/21.03.17, 11,046/-, ഇൻവോയ്സ് നം. CB 1112/23.03.17, 14,856/-) വാങ്ങിയിട്ടുണ്ട്. ലേബർ ചാർജ്ജ് ഇനത്തിൽ 3,600/- രൂപയും നൽകിയിട്ടുണ്ട്. മൈക്രോസ്കോപ്പ് നന്നാക്കലിനായി 3,200/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ക്വട്ടേഷൻ ക്ഷണിക്കുകയോ ചെയ്തതായി കാണുന്നില്ല.(ആകെ 32702 രൂപ)

c) ഗ്ലോബൽ അപ്ലയൻസസ്, മാള എന്ന സ്ഥാപനത്തിൽ നിന്നും 13,900/- രൂപയുടെ ഫ്രിഡ്ജ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ പദ്ധതിയിൽ ഉൾപ്പെടുത്തി ക്വട്ടേഷൻ ലഭ്യമാക്കിയിട്ടില്ല.പദ്ധതിയിലുൾപ്പെടാത്ത ചെലവുകളായതിനാൽ 76899/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

KL-45/G-8445, KL-45/J-6289 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്കുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഇവയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) ടി. ലോഗ്ബുക്കുകളിൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.

2) KL-45/J-6289 ടൊയോട്ട എത്തിയോസ് കാറിന്റെ ലോഗ്ബുക്കിൽ മാസാന്ത്യ സംക്ഷിപ്തത്തിൽ ഡീസൽ വാങ്ങിയതായി ചേർത്തിട്ടുണ്ട്. എന്നാൽ ഡീസൽ നിറച്ചതിന്റെ വിവരങ്ങൾ അതാത് തീയതികളിൽ എഴുതി കാണുന്നില്ല. മാസാന്ത്യ സംക്ഷിപ്ത പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| മാസം | ഡീസലിന്റെ അളവ് |
|---|---|
| ജൂലായ് 2016 | 60 ലിറ്റർ |
| ആഗസ്റ്റ് 10 വരെ | 40 ലിറ്റർ |
| ആഗസ്റ്റ് 11 മുതൽ 31 വരെ | 58 ലിറ്റർ |
| സെപ്റ്റംബർ 2016 | 41.44ലിറ്റർ |
| ഒക്ടോബർ 2016 | 81.48 ലിറ്റർ |
| നവംബർ 2016 | 40 ലിറ്റർ |
| ഡിസംബർ 2016 | 105.07 ലിറ്റർ |
| ജനവരി 2017 | 87.43 ലിറ്റർ |
| ഫെബ്രുവരി 2017 | 77.27 ലിറ്റർ |
| മാർച്ച് 2017 | 84.49 ലിറ്റർ |

ലോഗ്ബുക്കിൽ കൺട്രോളിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

## 3-5 പട്ടിക ജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി സംബന്ധിച്ച അപാകതകൾ

പ്രൊജക്റ്റ് നം. 19/16-17, ആകെ തുക – 7,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടിക ജാതി വികസന ഓഫീസർ

ട്രഷറി ബിൽ നം. 1/16-17, തീയതി 31.01.17, തുക – 5,00,000/-

ട്രഷറി ബിൽ നം. 2/16-17, തീയതി 17.02.17, തുക – 2,50,000/-

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി പ്രകാരം 30 വിദ്യാർത്ഥികൾക്ക് 25,000/- രൂപ വീതം നൽകിയിട്ടുണ്ട്. ഇതിൽ 7 വിദ്യാർത്ഥികൾ മാത്രമാണ് പഞ്ചായത്തുകൾ സമർപ്പിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ. വേളൂക്കര, പടിയൂർ, പൂമംഗലം എന്നീ പഞ്ചായത്തുകളിൽ ഗുണഭോക്തൃ ലിസ്റ്റ് ഇല്ല എന്ന് അറിയിച്ചതായി കാണുന്നു. പിന്നീട് നേരിട്ട് അപേക്ഷ ക്ഷണിക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകുകയാണ് ചെയ്തിരിക്കുന്നത്. ആയതിൻ പ്രകാരം ലഭിച്ച അപേക്ഷകൾ ഗ്രാമസഭകളിൽ അംഗീകാരം വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 2/18.11.17 നുള്ള മറുപടിയിൽ ഗ്രാമസഭ സാധൂകരണം ലഭ്യമാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.ഗുണഭോക്തൃലിസ്റ്റിൽപെടാത്തവരെ പിന്നീട് ഉൾപ്പെടുത്തുമ്പോൾ ഗ്രാമസഭയിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സി.ഡി.പി.ഒ. പദ്ധതി നിർവഹണത്തിലെ അപാകതകൾ

സി.ഡി.പി.ഒ. നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ (പദ്ധതി നം.3/17) ശാരീരികവും, മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും (പൊതുവിഭാഗം) ബിൽ നം.1/2016-17, dt.18/3/17 പ്രകാരം പിൻവലിച്ച 9,77,162/- രൂപാ വിനിയോഗിച്ച് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രീസിൽ നിന്നും ഇൻവോയ്സ് നം.226, dt.8/3/17, നം. 227, dt.8/3/17, നം. 228, dt.8/3/17 എന്നിവ പ്രകാരം വാങ്ങിയ സാധനങ്ങൾ, സി.ഡി.പി.ഒ. സ്റ്റോക്കിൽ എടുത്തിട്ടില്ല.

മാർഗരേഖാ നിർദേശം 5-5 പ്രകാരം ആവശ്യമായ ഉപകരണങ്ങൾ വികലാംഗ കോർപ്പറേഷനിൽ നിന്നോ കെൽട്രോണിൽ നിന്നോ ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നോ വാങ്ങാവുന്നതാണ്. എന്നാൽ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രീസിൽ നിന്നുമാണ്. മാർഗരേഖാ നിർദേശം 5-4 പ്രകാരം ഉപകരണങ്ങളുടെ ആവശ്യകത നിർണയിക്കാൻ മെഡിക്കൽ ഓഫീസർ, ഓർത്തോട്ടിക് എഞ്ചിനീയർ, പ്രോസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്തോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. ഡിസ്ട്രിക്ട് ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ, മെഡിക്കൽ കോളേജ് സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്തിന് കീഴിലുള്ള അഞ്ച് പഞ്ചായത്തിലും, Dr.M.Muhammed Basheer, MBBS-D-Ortho, Consultant in Orthopaedics, Reg.No.19197, Govt.Hospital, Manjeri, Dr.K.Muhammedkutty, MBBS, DLO, Reg.No.19165, Junior Consultant in ENT, Govt. General Hospital, Manjeri എന്നിങ്ങനെ രണ്ട്

ഡോക്ടർമാരാണ് ക്യാമ്പ് നടത്തി, ആവശ്യകതാ നിർണയം നടത്തിയിരിക്കുന്നത്. ക്യാമ്പ് നടത്തുന്നതിന് ഡി.ഡി.ആർ.സി, സാമൂഹ്യ സുരക്ഷാ മിഷൻ എന്നിവയുടെ സഹായം തേടിയിരുന്നോ മുതലായ കാരണങ്ങൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സി.ഡി.പി.ഒ യാതൊരു മറുപടിയും നൽകിയിട്ടില്ല. ഉപകരണങ്ങൾ സപ്ലൈ ചെയ്ത കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് തന്നെയാണ് മെഡിക്കൽ ക്യാമ്പ് നടത്തിയതെന്നാണ് വ്യക്തമായത്. അപാതകൾക്ക് വ്യക്തമായ വിശദീകരണം നൽകുന്നത് വരെ ചെലവ് തുകയായ 9,77,162/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഐ.എ.വൈ ഭവന നിർമ്മാണം ത്വരിതപ്പെടുത്തണം

2016-17 സാമ്പത്തിക വർഷത്തിൽ കരാർ വെച്ച് ഭവനനിർമ്മാണം ആരംഭിച്ച ശേഷം നാളിതു വരെയായി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദവിവരം താഴെ പറയുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് /പഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വള്ളിയമ്മ /പൂമംഗലം | 276000 |
| 2 | ഷാക്കിറ ഷാഫി /പുത്തൻചിറ | 80,000 |
| 3 | അമ്മിണി/വെള്ളാങ്കല്ലൂർ | 1,76,000 |
| 4 | സുബി കൊച്ചുമോൻ/വേളൂക്കര | 1,03,000 |
| 5 | വള്ളിക്കുട്ടി, കോലോത്തിപറമ്പിൽ | 80,000 |
| 6 | കാർത്ത്യായനി/വേളൂക്കര | 93,000 |
| 7 | രമണിജയചന്ദ്രൻ/വേളൂക്കര | 48,000 |
| 8 | വത്സല പ്രേംദാസ്/പുത്തൻചിറ | 1,56,000 |
| 9 | ബിജി രാജേഷ്/പടിയൂർ | 2,01,000 |
| 10 | മേരി ജോൺ/പടിയൂർ | 80,000 |
| 11 | ഉഷ /വെള്ളാങ്കല്ലൂർ | 1,76,000 |
| 12 | ഷീബ/വെള്ളാങ്കല്ലൂർ | 1,18,593 |
| 13 | ചക്കിക്കുട്ടി/പുത്തൻചിറ | 48,000 |
| 14 | മോഹനൻ/പുത്തൻചിറ | 80,000 |
| 15 | ആസ്യ/പുത്തൻചിറ | 1,76,000 |
| 16 | സോജ/പുത്തൻചിറ | 2,08,000 |
| 17 | ജോണി/പടിയൂർ | 1,48,000 |
| 18 | നാരായണി/വേളൂക്കര | 48,000 |
| 19 | വിജയ/പുത്തൻചിറ | 2,76,000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധന നടത്തേണ്ടതും, കാലാവധിക്കകം പൂർത്തീകരിക്കാത്ത ഗുണഭോക്തക്കൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 ഐ.എ.വൈ ഭവന നിർമ്മാണം - (സ്പിൽ ഓവർ) പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രശംസനീയം

2007-08 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം കൂടി വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഐ.എ.വൈ. പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട പണി പൂർത്തിയാക്കാത്ത 115 ഗുണഭോക്താക്കളുടെ കാര്യത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4ൽ പരാമർശിച്ചിരുന്ന പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവർ പ്രൊജക്ടുകൾ നടപ്പിലാക്കുന്നുണ്ടെന്നും, ഇതിലുൾപ്പെടാത്ത ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തുകയും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ സ്ഥലം വിൽപ്പന നടത്തിയവർക്കെതിരെ റവന്യൂ റിക്കവറി നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കാതെ വർഷങ്ങളായി മുടങ്ങിക്കിടന്ന വിവിധ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്. ഇക്കാര്യത്തിലുള്ള ജാഗ്രത തുടർന്നും പാലിക്കേണ്ടതും സമയ ബന്ധിതമായി മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 2,00,000 | കുറിഞ്ഞാലിപ്പാടം റോഡ് സൈഡ് കെട്ടി സംരക്ഷണം | 2,00,000 | 0 |
| വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 5,00,000 | പകൽവീട് | 5,00,000 | 0 |
| പടിയൂർ ഗ്രാമപഞ്ചായത്ത് | 2016-17 | 2,60,000 | പകൽവീട് | 2,60,000 | 0 |

ബാലൻസ് ഷീറ്റിൽ B4ൽ ഉൾപ്പെട്ടിട്ടുള്ളവയിൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള 781385 രൂപയുടെയും ജില്ലാപഞ്ചായത്തിൽ നിന്നുള്ള 2438000 രൂപയുടെയും വിവരങ്ങൾ ലഭ്യമല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,28,69,462.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,79,01,353.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1054061 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 76899 | ഡോ.ടി.വി.ബിനു. മെഡിക്കൽ ഓഫീസർ |
| 3-6 | 9,77,162 | ശ്രീമതി.കെ.കെ.അംബിക, സി.ഡി.പി.ഒ |
| ആകെ | 9,77,162 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

ഇല്ല

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം |
|---|---|---|
| 1995-96, 1996-97, 97-98 | എൽ.എഫ്.ടി.9-1555/98 തീയതി16.4.99/ 7.7.99 | 5 |
| 98-99 | എൽ. എഫ്.ടി.9- 313/00 തീയതി24.4.00/ 17.5.00 | 21 |
| 99-00 | എൽ. എഫ്.ടി.9-293/01തീയതി 27.4.01 | 20 |
| 2000-01 | എൽ. എഫ്.ടി.9- 1608/01 തീയതി 24.8.02/ 14.11.12 | 18 |
| 2001-02 | എൽ. എഫ്.ടി.9- 2119/05 തീയതി 4.2.06/14.11.06 | 7 |
| 2002-03 | എൽ.എഫ്.ടി.21-2438/07 തീയതി 2.8.08/16.10.08 | 6 |
| 2003-04 | എൽ. എഫ്.ടി.2439/07 തീയതി 2.8.08 | എല്ലാം |
| 2004-05 | എൽ. എഫ്.ടി.21- 2440/07 തീയതി 2.8.08 | എല്ലാം |
| 2005-06 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10/15.5.10 | എല്ലാം |
| 2006-07 | എൽ. എഫ്.ടി.21-809/09 തീയതി 16.3.10 /13.5.10 | എല്ലാം |

| | | |
|---|---|---|
| 2007-08<br>2010-11 | എൽ. എഫ്.ടി.(ബി.പി) 2267/12<br>തീയതി 5.2.13/15.6.13 | എല്ലാം |
| 2011-12 | എൽ. എഫ്.ടി.(ബി.പി) 1584/2013/<br>തീയതി.9.14/13.3.14 | എല്ലാം |
| 2012-13 | എൽ. എഫ്.ടി.(ബി.പി)1023/2014<br>തീയതി 10.10.14/24.11.14 | എല്ലാം |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2)1734/15<br>തീയതി 8.12.15 | എല്ലാം |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 670/16<br>തീയതി 19.5.16/19.8.16 | എല്ലാം |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി2) 321/17<br>തീയതി 24.03.17/29.03.17 | എല്ലാം |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ